# കളിവീട്

## 2019-2020

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ

പൊട്ടൻകാട്

വവ്വാൽ

ലോകമേ തറവാട്

തിരനോട്ടം

മറിയക്കുട്ടിയുടെ കത്ത്

മഴയുടെ മേളം

മഴയനുഭവം

മഴ നനഞ്ഞോരെൻ ബാല്യം...

കാളകൾ

പൂവ്

പിശുക്കർ

പാട്ട്

പനി

പണ്ടത്തെ പാട്ട്

നിലാവ്

താറാവ്

ജീവനുള്ള പാട്ട്

ജിമ്പ്

ചെറുകഥ

സുന്ദരപുരം

കൂട്ടുകാരൻ

കിണർ

കവിതകൾ

ഓമനപ്പൂവി

ഓക്സിജൻ

ന്യൂട്ടൺ

അച്ചടക്കം

അടപ്രഥമൻ

അമ്മ പഠിപ്പിച്ചവ

ആത്മരോഷം

ഉറുമ്പ്

സിൻഡ്രല്ല

സമ്മാനം

ടെൻഷൻ

വിക്കിപീഡിയ

# വവ്വാൽ

പറക്കാൻ കഴിവുള്ള ഏക സസ്തനിയാണ് വവ്വാൽ. ചെറു യുദ്ധവിമാനങ്ങൾ പോലെയാണ് രാത്രിയുടെ നിശബ്ദതയെ ഭേദിച്ചുകൊണ്ട് അവ പറക്കുന്നത്. വവ്വാലുകൾക്ക് ദീർഘനേരം പറക്കാനും പറക്കുമ്പോൾ അതിവേഗം വെട്ടിച്ചുമാറുന്ന ഇരകളെ പിടികൂടാനും സാധിക്കും.വവ്വാൽ ഇരതേടുന്നത് ശബ്ദത്തിന്റെ സഹായത്തോടെയാണ്.

പക്ഷികളുടെ ചിറകുകൾക്ക് തൂവലുകൾ ഉള്ളതുപോലെ വവ്വാൽ ചിറകുകൾക്ക് തൂവലുകളില്ല.പകരം ഇരട്ടപാളി ചർമ്മം കൊണ്ടുള്ള ചിറകാണ് അവരുടേത്. വവ്വാലിന്റെ ചിറകുകോശം നിറയെ നേർത്ത മാംസനാരുകളാണ്. ചിറക് വിടർത്താനും മടക്കാനും ഇതിനെ സഹായിക്കുന്നത് ഈ പാളികളാണ്. ചിറകുകോശങ്ങൾക്കുള്ളിൽ ധാരാളം ഞരമ്പുകൾ ഉള്ളതുകൊണ്ട് രക്തത്തിനും പ്രാണവായുവിനും ബുദ്ധിമുട്ടില്ല.

<u>വിഷ്ണു ഭാസ്കർ.</u>

# ലോകമേ തറവാട്

“ലോകമേ തറവാടു തനിക്കീ,ചെടികളും
പുൽകളും പുഴക്കളും കൂടിതൻ കുടുംബക്കാർ"

“മായം കളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ"

"സാന്ദീപനീ ഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും
പണ്ടു വേദശാസ്ത്രങ്ങൾ അഭ്യസിച്ചതും"

സോന ഷോബി.

# മോഹൻലാലിൻെറ തിരനോട്ടം

തിരനോട്ടം എന്ന സിനിമയിലൂടെയാണ് സിനിമയിലേക്കുള്ള മോഹൻലാ ലിൻെറ തിരനോട്ടം. 1978-ൽ കലാപരമായ പശ്ചാത്തലങ്ങൾ ഒന്നുമില്ലാത്ത കുടുംബമായിരുന്നു മോഹൻലാലിൻേറത്. സിനിമ വിദൂരമായ ഒരു വർണലോകസാന്നിധ്യം മാത്രം.എന്നാൽ മോഹൻലാലിൻെ സൗഹൃദലോകത്ത് സിനിമ ശക്തമായ ഒരു അഭിനിവേശമായിരുന്നു.അങ്ങനെ സിനിമ ലോകത്തിലേക്ക് കടന്നു വന്നു.

<u>നന്ദകിഷോർ അഭിലാഷ്.</u>

-

# മറിയക്കുട്ടിയുടെ കത്ത്

ചക്ക്പലമേലിരുന്ന് ചക്കര തിന്നാലും
സംശയം കൂടാതെ പുണ്ണാക്കാണതെന്ന് ബോലും
ഹഖറിയാതാട്ടിയാളെ വാക്ക് കേട്ടില്ലേ,
അല്ലലായെ ചേരമാന്റെ ചേതി കേട്ടിട്ടില്ലേ ?
ഒക്കെയും കണ്ണും ചെവിടില്ലാത്ത കാണും റബ്ബ്
ഓനറിയാം എന്നിലുക്കൽ മേലിലുള്ള ഹുബ്ബ്
വെക്കമെന്നെ ദുക്കമിക്കയ്യിന്ന് കരക്കാക്കി
വെത്തിടാനപേക്ഷ വിണ്ടിക്കത്ത് മതിയാക്കി......

<u>ആഷിത നഫീസത്ത്.</u>

# മഴയുടെ മേളം

തുടികൊട്ടുന്ന ---------- മാനത്ത്
വെടിപൊട്ടുന്ന ---------- മാനത്ത്
ഹയ്യട ഹയ്യാ! ---------- കേട്ടില്ലേ
മഴയുടെ മേളം ---------- മാനത്ത്
പൂത്തിരി കത്തണ് -------മാനത്ത്
ലാത്തിരി കത്തണ് -------മാനത്ത്
ഹയ്യട ഹയ്യാ! ---------- കണ്ടില്ലേ
മഴയുടെ പൂരം ---------- മാനത്ത്
മഴവിൽക്കാവടി ---------മാനത്ത്
മയിലാടുന്ന ---------താഴത്ത്
ഹയ്യട ഹയ്യാ! ---------- കണ്ടില്ലേ
പൂമഴ ---- പുതുമഴ--------എന്തു രസം !

അലീഷ ജോബി.

## മഴയനുഭവം

ചെറുപ്പത്തിൽ മഴ എന്റെ തോഴനായിരുന്നു. മഴ കണ്ടു രസിക്കാൻ പറ്റുന്ന തരത്തിലായിരുന്നു ഞങ്ങളുടെ വീട്. വീടിനു മുമ്പിൽ വീതിയുള്ള വരാന്തയിൽ ഇരുന്നാൽ ആകാശം കാണാം.കറുകറുത്ത മേഘങ്ങൾ ആകാശത്തു നിറയുമ്പോൾ ഞാൻ നോക്കിയിരിക്കും.പെട്ടെന്ന് ഒരു ഇരമ്പൽ. ആ ഇരമ്പൽ  എന്റെ ഉള്ളിൽ സന്തോഷം നിറക്കും. ഇരമ്പൽ അടുത്തടുത്തുവരും. ദാ വന്നു ആർ ത്തലച്ചുകൊട്ടി മഴ.തുള്ളികൾ തുള്ളിത്തുള്ളി  നിലത്ത്. നിലം തോടാകും.മഴവെള്ളം ഒഴുകിനടക്കും. തോടും കുളവും നിറയും.മരങ്ങൾ ആടിയുലഞ്ഞ് കുളിച്ച് മഴയിൽ രസിക്കും.കടലാസുവഞ്ചിയുണ്ടാക്കി മഴവെള്ളത്തിൽ ഒഴുക്കും.മഴ വഞ്ചി മുക്കും. മഴ എപ്പോഴും എന്നെ തോല്പിക്കും.  എന്നാലും ഞാൻ മഴയെ സ്നേഹിച്ചു.മഴ ....... അതു പ്രകൃതിയുടെ ഉത്സവമല്ലേ......

ആഷിത നഫീസത്ത്.

# മഴ നനഞ്ഞൊരെൻ ബാല്യം...

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പൈതങ്ങളാരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിത്തുമ്പകൾ അല്ലോ നമ്മൾ
മഴ വരും നേരമാർത്തുവിളിച്ചത്
നനഞ്ഞൊരെൻ ബാല്യം
ഒക്കെക്കണ്ടൊരു ചിരിയർത്തു നിൽക്കുമെന്ന്
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാട് സല്ക്കരിച്ചിരിക്കുന്നു.....

ആഷിത നഫീസത്ത്.

# കാളകൾ

തോളത്തു ഘലനം ളുങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീഞ്ഞീടുമ്പോൾ
മറ്റൊരു വണ്ടക്കാള മനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും,സ്വജീവിത-
നാളുകൾ തൻകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാളെ-
ക്കാലത്തിൽ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.
ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെങ്ങറിയാതെ,മൃത്യുവിൻ ഭയാനക ജീവിതം..........

ആഷിത നഫീസത്ത്.

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ

പൂന്തെന്നലു വന്നു വിളിച്ചാൽ പോവല്ലേ

പുലരി പുതുമഴയിൽ ഇതളു പൊഴിയ്ക്കല്ലേ

ഒരിതളും നീ പൊഴിയ്ക്കല്ലേ(പൂവേ)

പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ

ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നല്കല്ലേ(പൂവേ)

വെള്ളി നിലാവിലലിഞ്ഞീ പുനഞ്ചിരി മായ്ക്കല്ലേ......

***<u>അലീഷ ജോബി.</u>***

# പിശുക്കരായ അപ്പൂപ്പനും അമ്മൂമ്മയും

ഒരിടത്ത് ഒരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമയും ഉണ്ടായിരുന്നു.അവരുടെ മുറ്റത്ത് ഒരു ചാമ്പങ്ങ മരം ഉണ്ടായിരുന്നു.അതിൽ നിറയേ ചാമ്പങ്ങകൾ ഉണ്ടായിരുന്നു.

ഒരു ദിവസം  അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു:"നമ്മുക്ക് ആ ചാമ്പങ്ങകൾ ആർക്കും കൊടുക്കേണ്ട.കുട്ടികൾ വന്നാൽ നമ്മുക്ക് ഓടിച്ചുവിടാം."കുട്ടികളെല്ലാം വന്നപ്പോൾ അവർ ഓടിച്ചുവിട്ടു.ഒരു ദിവസം രാത്രിയിൽ അപ്പൂപ്പന മനസ്സിലായി ആരോ ആ മരത്തിൽ കയറുന്നുണ്ടെന്ന് മനസ്സിലാക്കിയ അപ്പൂപ്പൻ ആ കാര്യം അമ്മൂമ്മയോട് പറഞ്ഞു.അന്ന് രാത്രിയിൽ അവർ നിരീക്ഷിച്ചു.അന്ന് അവർക്ക് മനസ്സിലായി അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസ്സിലായി.അവർ അന്ന് രാത്രിയിൽ   ഒരു സൂത്രം ഒപ്പിച്ചു.അമ്മൂമ്മ പറഞ്ഞു:"നമ്മുക്ക് ഒരു കാര്യം    ചെയ്യാം. അപ്പൂപ്പൻ മരത്തിൻെറ മുകളിൽ ഇരിക്കുക,ഞാൻ താഴെ മരപ്പെട്ടി വരുമ്പോൾ ഞാൻ അടിക്കാം.അങ്ങനെ അവർ അങ്ങനെ ചെയ്തു.എന്നാൽ ആ രാത്രിയിൽ മരപ്പെട്ടി വന്നില്ല.അപ്പൂപ്പൻ ഉറങ്ങി പോയി.പുതച്ചുമൂടിയ അപ്പൂപ്പൻ

നിലത്തുവീണപ്പോൾ അമ്മൂമ്മ മരപ്പെട്ടിയാണെന്നോർത്ത് അടിച്ചു.പാവം അപ്പൂപ്പൻ അടിക്കൊണ്ട് വയ്യാതായി.അങ്ങനെ അപ്പൂപ്പനും അമ്മൂമ്മയും ഒരു പാഠം പഠിച്ചു.

ഗുണപാഠം:-നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

അലീഷ ജോബി.

# പാട്ട്

ചെങ്ങന്നൂക്കുഞ്ഞാതീടെ പാട്ടുപാടാം
എന്റാശാൻ ചൊല്ലിത്തന്ന പാട്ടുപാടാം
ചെങ്ങന്നൂക്കുഞ്ഞാതി ചെനിച്ചു വളർന്നു
അരമണി കിഞ്ഞിണിയിട്ടു വളർത്തിയമ്മ
ഏഴര തിരുവയസ്സായി കുഞ്ഞാതിക്ക്
പറവിത്തു പഠിക്കാതെയിരുന്നൊരു കാലം
എരിയാവൂം കോട്ടയിലെ എരിയാപണിക്കനും
കരിയാവൂം കോട്ടയിലെ കരിയാപണിക്കനും
എരിയാപണിക്കനെനായിട്ടൊരക്കമുണ്ടായി
അങ്കത്തിത്തോറ്റോടി കരിയാപണിക്കൻ
കരിയാത്തബ്ബുള്ളായി പറന്നുപോന്നു
എരിയാപണിക്കനും പിന്തിടർന്നു
ചെറിയാത്തബ്ബുള്ളായി പിന്തുടർന്നു..........

*ആഷിത നഫീസത്ത്*

## പനിയുള്ളപ്പോൾ   എന്തു കഴിക്കാം ?

പനിയുള്ളപ്പോൾ നമ്മുടെ ദഹനശക്തി കുറവായിരിക്കും.ഈ സമയത്ത് ലഘുവായ ആഹാരം കഴിക്കണം.ശരീരത്തിന് ആവശ്യമായ ജലാംശം ലഭിക്കുകയും വേണം. പൊടിയരിക്കഞ്ഞി നല്ലതാണ്.പെട്ടെന്ന ദഹിക്കും എന്നതാണ് പൊടിയരിയുടെ ഗുണം.

അലീഷ ജോബി.

# പണ്ടത്തെ പാട്ടുകൾ....

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ നാതിരിയിൽ,
ഏടലർച്ചെക്കാൽച്ചിലക് കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെണ്മുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂക്കണ്ണുത്താൽ
പാടിയിരുന്ന പഴക്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം...........

<u>അലീഷ ജോബി.</u>

# നിലാവ്

നറു ചിരി വിതറാൻ

ചിരിയോളി പകരാൻ

വിരുന്നെത്തിയിന്നും

വിണ്ണിൽ നിന്നീ വെണ്ണിലാവ്

ഇരവിന്നിരുളിൾ

വഴിയേതെന്നറിയാതുഴലും

നേരത്തെൻ ചാരത്തായണയും

സഖിയേ...സഖിയേ

മണ്ണിന്നിരുളകലാൻ,കണ്ണിൻ

കാഴ്ചകൾ തെളിയാൻ

കനവിൽ നിറയും നിനവിൽ

കുളിരും കൂട്ടായണയും

നിലാ ഉവലഴകേ...

നിറ നിലാ കുടവുമായെന്നനെൻ

അരികിലണയുമോ സഖിയേ...

ആഷിത നഫീസത്ത്.

# താറാവ്

താറാവേ താറാവേ നീന്തിക്കളിക്കും താറാവേ

താറാവേ താറാവേ നീന്തിക്കളിക്കും താറാവേ

ആഴംനിറഞ്ഞകുളത്തിനു മീതെ

നീന്തിക്കളിക്കും താറാവേ....

താറാവേ താറാവേ .....

ആരുനിനക്കീ വിദ്യകളൊക്കെയും

ചൊല്ലിപ്പഠിപ്പിച്ചു താറാവേ....

*ആഷിത നഫീസത്ത്*

# ജീവനുള്ള പാട്ട്

കാട്ടുപുൽത്തണ്ടിലദ്ഭുതോരാമോദം
പാട്ടുപാടുന്ന ഗന്ധർവബാലകാ
ഈ ജനാലതൻ മുന്നിലക്ഷണം
മൂകനായൊരു നിന്നിട്ടു പോകുമോ
താവകോജ്ജ്വ ഗാനത്തിൽനിന്നു ഞാൻ
വേർതിരിഞ്ഞൊന്നു കാണട്ടെ നിൻമുഖം
കാണ്മതില്ല ഞാനൊന്നുമമേയമാ-
മാത്മവിസ്തൃതി പുൽകുമാവേളയിൽ
കാട്ടുപുൽത്തണ്ടിലദ്ഭുതം
പാട്ടുണർത്തുന്ന ബാലകാ..........

# നീ എന്റെ ജീവന്റെ ജീവനായ്...

നീ എന്റെ ജീവന്റെ ജീവനായി....
ഒരു മാത്ര നേരമെൻ ചാരെവന്നു
ആ നേരമത്രയും സ്നേഹം തന്നു
നീ തന്ന സ്നേഹം എൻ മനസ്സിനുള്ളിൾ
എന്നെന്നും ഓർമ്മിക്കും നിമിഷമായി
നിൻ നറു പുഞ്ചിരി എൻ മനസ്സിൽ
കുളിരുള്ള മഴയായി പെയ്തിറങ്ങി
നിന്നുടെ സ്നേഹം എൻ ഹൃദയത്തിൽ
ആതാമാവുണർത്തുന്നോരനുഭൂതിയായ്
എന്നും എൻ ചാരെ നീ നിന്നീടുമോ
എന്നാലും എൻ ജീവനായീടുമൊ.........

GIMP{GNU IMAGE MANIPULATION PROGRAM}

ഡിജിറ്റൽ ചിത്രങ്ങളും ഫോട്ടോഗ്രാഫുകളും എഡിറ്റ് ചെയ്യാൻ ഉപയോഗിക്കുന്ന ഗ്രാഫിക്സ് എഡിറ്റർ സോഫ്റ്റ്‌വെയർ ആണ് ജിമ്പ്.ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ ഇത് 1996 ലാണ് പുറത്തിറക്കിയത്.തുടക്കത്തിൽ GENERAL IMAGE MANIPULATION PROGRAM എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്.SPENCER KIMBELL,PETER MATTIS എന്നിവരാണ് ഈ പ്രോജക്ടിന് തുടക്കം കുറിച്ചത്.1997- ൽ GNU IMAGE MANIPULATION PROGRAM എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

അർജ്ജുൻ ഷിബു.

# മലയാള ചെറുകഥ

1889-ൽ വിദ്യാർവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ.വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ,ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ ,മൂർക്കോത്തുകുമാരൻ,തുടങ്ങിയവരിലൂടെ വളർന്നമലയാളചെറുകഥാപ്രസ്ഥാനം, രൂപഭാവങ്ങളിൽഏറെ വൈവിധ്യം പുലർത്തുന്ന ഇന്നത്തെ എഴുത്തുകാരിലൂടെ അതിന്റെഏറ്റവും പുതിയ മുഖത്തെ പ്രതിനിധാനം ചെയ്യുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളും ഇരുപതാം നൂറ്റാ-ണ്ടിന്റെ ആദ്യപാദങ്ങളും ഭാരതീയ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം വളർച്ചയുടെ കാലഘട്ടമായിരുന്നു.യൂറോപ്പ്യൻ സാഹിത്യത്തിൽ നിന്നും നിരവധി സാഹിത്യ രൂപങ്ങൾ ഭാരതീയ ഭാഷകളിലേക്ക് കടന്നുവന്നു.ചെറുകഥ,നോവൽ,നാടകം,ഭാവഗീതം, വിലാപകാവ്യം,ഖണ്ഡകാവ്യം എന്നിങ്ങനെ ആ നിര നീണ്ടുപോകുന്നു.

ആഷിത നഫീസത്ത്.

# സുന്ദരപുരം എന്ന ഗ്രാമം

ഒരിടത്ത് സുന്ദരപുരം  എന്ന ഒരു സുന്ദര ഗ്രാമം ഉണ്ടായിരുന്നു.അവിടെ ഒരു മനോഹരമായ ഒരു തടാകം ഉണ്ടായിരുന്നു.ആ പുഴയാണ് ആ ഗ്രാമത്തിന്റ പ്രധാന ഭംഗി.അവിടത്തെ ആളുകൾ വളരെ നല്ലവരായിരുന്നു.അവിടത്തെ ആളുകൾക്ക് വികസനം എന്നാൽ എന്താണ് എന്ന് പോലും അറിയില്ല.

അങ്ങനെ ഇരിക്കയാണ് അവിടെ ഒരു പരിഷ്കാര വേഷക്കാരൻ എത്തുന്നത്.അയാളെക്കുറിച്ച് അറിയാൻ ഗ്രാമവാസികൾക്ക് തിടുക്കമായി.അങ്ങനെ അയാൾ ആ ഗ്രാമത്തിന്റെ വികസനം ലക്ഷ്യമാക്കിയാണ് വന്നതെന്ന് അവർക്ക് മനസ്സിലായി.

ഗ്രാമത്തിന്റെ വികസനത്തിന് വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ അയാൾ ഗ്രാമവാസികൾക്ക് പറഞ്ഞുകൊടുത്തു.ആ ഗ്രാമത്തിലെ എല്ലാവരും ഗ്രാമത്തിന്റെ വികസനത്തിനുവേണ്ട കാര്യങ്ങൾ ചെയ്യാൻ തയ്യാറായി.അങ്ങനെ അയാൾ പറഞ്ഞപോലെ ആ ഗ്രാമത്തിൽ ഒരു വലിയ ഹോട്ടൽ നിർമിക്കാമെന്ന് തീരുമാനിച്ചു.ഹോട്ടൽ എവിടെ പണിയുമെന്ന കാര്യത്തിൽ ആർക്കും നിശ്ചയമില്ല

അങ്ങനെ ആ ഗ്രാമത്തിലെ തടാകം വറ്റിച്ച് ഹോട്ടൽ നിർമ്മിക്കാൻ അവർ തീരുമാനിച്ചു.

ആ തടാകം അങ്ങനെ വറ്റിച്ചു.ഹോട്ടൽ പണി തുടങ്ങി.കുറെ വീടുകളൊക്കെ തകർക്കേണ്ടിവന്നു.അങ്ങനെ പണി നടന്നുകൊണ്ടിരുന്നപ്പോൾ ഒരു വലിയ ഭൂമികുലുക്കമുണ്ടായി.എല്ലാം തകർ

ന്നു തരിപ്പണമായി...അങ്ങനെ ആ സുന്ദരപുരം എന്ന ഗ്രാമം

എന്നന്നേക്കുമായി ഇല്ലാതായി...........

ആഷിത

നഫീസത്ത്.

# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ
കൂട്ടു തേടിയണനെന്റെ
കുഞ്ഞാറ്റക്കിളി....
കാറ്റിനോടു കഥ മെനഞ്ഞും
കടലിനോടു കളി പറഞ്ഞും
കാടായ കാടെല്ലാം,മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും...........

ശിവൻ ശക്തി
വ്യം.

# കിണറിലേ വെള്ളിനാണയങ്ങൾ

ഒരിക്കലൊരിടത്ത് സോമൻ
എന്നൊരാളുണ്ടായിരുന്നു.ആളുകളെ പറ്റിച്ച്
കാശുണ്ടാക്കലാണ് സോമൻെറ പ്രധാനപണി.
ഒരു ദിവസം സോമൻ      ഒരു പാവം കർ
ഷകൻറെ  അടുത്തെത്തി.എന്നിട്ടു പറഞ്ഞു
:”എൻെറ സ്ഥലത്ത് വെള്ളിനാണയങ്ങൾ
തരുന്ന കിണർവിൽക്കാനുണ്ട്.നിങ്ങൾക്ക്
വേണോ? അദ്ഭുതത്തോടേ കിണർ
കാണാനെത്തിയ കർഷകൻെറ മുന്നിൽ വച്ച്
സോമൻ കിണറ്റിൽ നിന്നും വെള്ളം കോരാൻ
തുടങ്ങി.അദ്ഭുതം.ബക്കറ്റിൽ നിറയേ വെള്ളി
നാണയങ്ങൾ!ഇതെല്ലാം സോമൻെറ
സൂത്രമാണെന്ന് അയാളുണ്ടോഅറിയുന്നു.അന്തം
വിട്ടു നിന്ന കർഷകനോട് സോമൻ

പറഞ്ഞു:”100 സ്വർണ്ണനാണയങ്ങൾ ഈ കിണറിൻെറ

വില!”...............................…

അലീഷ

ജോബി.

# കവിതകൾ

"പുജ്ജിരിയായെരു ളുനിലാവേറ്റു
ന്നെജ്ജിത്തമായെരു ആബൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനും പൂ-
ണ്ടല്ലലേ പോക്കുമാറുണ്ടോ വന്നു?”

“കാർവർണ്ണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കുമോ താൻ?”

ജെറിൻ ഷാജി.

# ഓമനപ്പൂവി

പൊട്ടിക്കരയിണ്ടോൻ ഓമനപ്പൂവി
എന്നും കരയിണ്ടോൻ ഓമനപ്പൂവി?
നമ്മള ഓടം കൊടുക്കിണ്ടി ബാപ്പാ?
എന്നേ വിൽക്കിൽ ബാപ്പാ ഓടം  ബില്ലായേ!.....
പൊട്ടിക്കരയിണ്ടേൻ ഓമനപ്പൂവി
എന്നും കരയിണ്ടോൾ ഓമനപ്പൂവി?.........

ദേവനാരായണൻ വി.കെ.

# ഓക്സിജൻ

ഹൈസ്കൂൾ കുട്ടികളാണ്.ഏതാനും അദ്ധ്യാപകരും ഉണ്ട്.സെന്റ് അപ്രം ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നുള്ള പിക്നിക്ക് ഗ്രൂപ്പ്.മെട്രോപ്പൊലിറ്റൻ സിറ്റിയിലെ കാഴ്ചകൾക്കപ്പുറം സ്കൂബാഡൈവിംഗ് സംഘം അവരുടെ ബാഗേജുകളുമായി സ്പീഡ് ബോട്ടിൽ ഐലറ്റിലേക്ക് പായുന്നതു കാണാം.

ജീവിതത്തിൽ ഓക്സിജന്റെ അതിപ്രാധാന്യം കുട്ടികളെ പറഞ്ഞു ധരിപ്പിക്കുകയായിരുന്നു മാഷ്.

സ്കൂബാ ഡൈവിംഗിനു പോകുന്നവർ ഓക്സിജൻ സില്ണ്ടർ കൊണ്ടുരോകുന്നതു ശ്രദ്ധിച്ചില്ലേ?അതെന്തിനാണെന്ന് അറിയാമോ?വെള്ളത്തിനടിയിൽ നീന്തുമ്പാൾ ശ്വസിക്കാൻ.ദിവ്യമോൾ പറഞ്ഞു.ശരിയാണ്...മാഷ് തുടർന്നു... പീരിയോഡിക്ക് ടേബിളിലെ എട്ടാമത്തെ മൂലകമാണ് ഓക്സിജൻ.ലോകത്തിൽ ഏറ്റം കൂടുതൽ കാണപ്പെടുന്ന മൂലകങ്ങളിൽ മൂന്നാം സ്ഥാനമാണ് ഓക്സിജന്.

<u>സുധിഷ്ണൻ. എം.കെ</u>

# ഐസക്ക് ന്യൂട്ടൺ

ശാസ്ത്രപ്രതിഭയായ ഐസക്ക് ന്യൂട്ടന്റെ ജന്മദിനമാണ് ഡിസംബർ 25.ന്യൂട്ടന്റെ പ്രിൻസിപ്പിയ എന്ന പ്രഖ്യാതഗ്രന്ഥം ഗണിതശാസ്ത്രമയമാണ്.ഫിസിക്സിലെ പല സിദ്ധാന്തങ്ങളും ഗണിത സമവാക്യങ്ങളായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഗുരുത്വാകർഷണനിയമം,ചലനനിയമം തുടങ്ങിയ നിരവധി കണ്ടുപിടുത്തങ്ങളിലൂടെ ശാസ്ത്രലോകത്തെ അനശ്വരനാക്കി.

**ജനനം : 4 ജനുവരി 1643**

**മരണം : 31 മാർച്ച് 1727**

**ജാൻസ് രഞ്ജൻ.**

# അച്ചടക്കം

അച്ചടക്കരാഹിത്യം സമൂഹത്തിന്റെ ശാപമായി മാറിയിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.സഹിഷ്ണുതയും അനുസരണാ മനോഭാവവുമൊക്കെ മോശമാണെന്ന ചിന്തയാണ്  അധികം പേർ ക്കുമുള്ളത്.വ്യക്തിജീവിതത്തിൽ നിഷ്ഠകൾ പാലിക്കുവാൻ ആരും തയ്യാറല്ല.അപ്പോൾ സമൂഹജീവിതത്തിൽ നിഷ്ഠകൾ ഉണ്ടാകാത്തതിൽ അത്ഭുതമില്ലല്ലോ?

വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രമായ ഉന്നതിക്ക് അച്ചടക്കം ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.അച്ചടക്കം എന്നത് ചെറുപ്പത്തിൽ തന്നെ ശീലിക്കേണ്ട ഒരു ഗുണമാണ്.വിദ്യാഭ്യാസകാലത്തുതന്നെ വിദ്യാർത്ഥികൾ അച്ചടക്കമുള്ളവരായി വളരണം.

അച്ചടക്കമില്ലാത്ത ഒരു ജീവിതവും യഥാർത്ഥ വിജയത്തിലെത്തുകയില്ല.അച്ചടക്കമില്ലാത്ത ഒരു സ്ഥാപനവും നിലനിൽ ക്കുകയില്ല.അതിനാൽ അച്ചടക്കം ഒരു ശീലമാക്കുക.

അലീഷ ജോബി .

സ്പെഷൽ പാചകം

# അടപ്രഥമൻ

കേരളത്തിലെ പായസങ്ങളുടെ രാജാവാണ് അടപ്രഥമൻ.സദ്യയ്ക്കു പായസം വിളമ്പുമ്പോൾ ആദ്യം വിളമ്പുന്നതാണ് പ്രഥമൻ.അട ഉണ്ടാക്കുന്നതു തന്നെ ഒരു വലിയ പ്രക്രിയയാണ്. ഉണക്കലരി കഴുകി വെള്ളത്തിലിട്ട് കുതിർത്തശേഷം മയത്തിൽ അരച്ച് വെളിച്ചെണ്ണയും പഞ്ചസാരയും ചേർത്തു യോജിപ്പിക്കും.ഇതിൽ പാകത്തിനു വെള്ളം ചേർത്തു കൈയിൽ കോരിയെടുക്കാവുന്ന പാകത്തിനു കലക്കി വാഴയിലച്ചീന്തിൽ വച്ചു ചുരുട്ടിക്കെട്ടി തിളയ്ക്കുന്ന വെള്ളത്തിലിട്ടു വേവിച്ചാണ് അട തയ്യാറാക്കുന്നത്.

## ചേരുവകൾ

1. ശർക്കര - 250 ഗ്രാം
2. അട - 200 ഗ്രാം
3. തേങ്ങ - 2
4. നെയ്യ് - 100 മില്ലി
5. കശുവണ്ടിപ്പരിപ്പ് - ഒരു വലിയ സ്പൂൺ
   ഉണക്കമുന്തിരി - രണ്ടു ചെറിയ സ്പൂൺ
6. ഏലക്കാപ്പൊടി - അര ചെറിയ സ്പൂൺ

## പാകം ചെയ്യുന്ന വിധം

- ശർക്കര ഉരുക്കി നൂൽ പരുവമാക്കി മാറ്റി വയ്ക്കുക.
- അട വേവിച്ചൂറ്റി വയ്ക്കുക
- തേങ്ങ ചുരണ്ടിപ്പിഴിഞ്ഞ് മൂന്നു കപ്പ് ഒന്നാം പാലും ആറു കപ്പ് രണ്ടാം പാലും എടുത്തു വയ്ക്കുക
- ശർക്കര ഉരുക്കിയതും അടയുംയോജിപ്പിച്ച് വേവിക്കുക.ഇടയ്ക്കിടെ നെയ്യ് ചേർക്കണം
- രണ്ടാം പാൽ ചേർത്ത് തിളപ്പിച്ചു വറ്റിക്കണം.ഒന്നാം പാലും ചേർത്ത് ഇളക്കുക
- നെയ്യിൽ അഞ്ചാമത്തെ ചേരുവ വറുത്ത് ചേർക്കുക.ഏലക്കാപ്പൊടി വിതറി വിളമ്പാം.

അഞ്ജന വി.എ.

# അമ്മ പഠിപ്പിച്ചവ

ഓരോ മുള്ളിന്നുമപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ
വളർത്തിയോളമ്മ...
കൂരമ്പുകൾ വന്നെന്റെ
ചോരയിറ്റിക്കെ...ഒരു
ചിരിപ്പൂ വിടർത്താൻ
കരുത്തു തന്നവൾ
കറുത്ത രാത്രിയിൽ
കാലു തെറ്റിക്കെ ...ഒരു
പൂനിലാവെട്ടമായ്
കാൽ നടത്തിയോൾ
സഹന കാലത്തി-
ന്നിടവപ്പാതിയിൽ
മഴ നനക്കാതെൻ
താങ്ങായ് നിന്നവൾ...

ആഷിത നഫീസത്ത്.

# ആത്മരോഷങ്ങളും ആകുലതകളും

സാമാന്യസ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ നൈതികത ഉരുത്തിരിയുന്നത് അടുക്കളയിൽ വച്ചു വിളമ്പുന്ന നീതീബോധ-ത്തിൽ നിന്നാണ്.അത്തരത്തിലുള്ള ഒരു നീതീബോധവുമായി, അതിനുതകുന്ന ഒരു ഭാഷയുമായി ജീവിതത്തെ ദർശിക്കുന്ന ഒരു സ്ത്രീക്ക് കാണാൻ കഴിയുന്നത് പ്രകൃതിയെയും സ്ത്രീയെയും ആ-ദിവാസികളെയും ദരിദ്ര കർഷകരെയും ദലിതരെയും ചൂഷണം ചെയ്യുന്ന,അല്ലെങ്കിൽ അവർക്കുമേൽ അധിനിവേഷം നടത്തുന്ന പുരുഷാധിപത്യപരമായ അധികാരവ്യവസ്ഥയാണ് ഇവിടെ കാലാ-കാലങ്ങളായി നിലനിൽക്കുന്നതും ഇപ്പോഴും നിലനിൽക്കുന്ന-തും എന്നാണ്.

കൗസല്യ കുമാർ.

# ഉറുമ്പുകൾ

ഉറുമ്പുകളെക്കുറിച്ച് കേൾക്കാത്തവരുണ്ടാകില്ല. വീടിനുള്ളിലും പറമ്പിലും വെള്ളത്തിലുമെല്ലാം ഉറുമ്പുകളെ കാണാം. ഉറുമ്പുകൾ യഥാർത്ഥത്തിൽ പ്രാണികളിലെ ഒരു ഉപവിഭാഗമാണ്.

ഹൈമെനോപ്റ്റീറ ഓർഡറിൽ അപ്പോക്രിറ്റ സബ് ഓർഡറിൽ ഫോർമിസിഡെ ഫാമിലിയിലാണ് ഇവയെ വർഗീകരിച്ചിരിക്കുന്നത്.സസ്യങ്ങളിൽ നിന്ന് വലിച്ചെടുക്കുന്ന ദ്രവപദാർഥങ്ങൾ, പൂക്കളിലെ തേൻ എന്നിവയാണ് ഉറുമ്പുകളുടെ ഭക്ഷണം.തൊഴിലാളി ഉറുമ്പുകൾ ഭക്ഷണം ശേഖരിക്കുന്നു.

കട്ടുറുമ്പ്, നീറ്,ചോണൻ തുടങ്ങി വിവിധതരം ഉറുമ്പുകളുണ്ട്.കറുപ്പ് നിറമുള്ള കട്ടുറുമ്പിനും ചുവപ്പ് നിറമുള്ള നീറിനും കുത്തിവേദനിപ്പിക്കാൻ കഴിവുള്ള കൊമ്പുകളുള്ളപ്പോൾ മഞ്ഞനിറമുള്ള ചോണൻ കൊമ്പില്ലാത്തതിനാൽ ഉപദ്രവകാരിയല്ല.

പവിത്ര ബാബു.

# സിൻഡ്രല്ല

ഒരിടത്ത് ഒരു സുന്ദരിയായ രാജകുമാരിയുണ്ടായിരുന്നു. അവളുടെ അമ്മ രോഗബാധിതയായി മരിച്ചു. അവളുടെ അച്ഛൻ രണ്ടാം വിവാഹം കഴിച്ചു. ആ അമ്മ വളരേ ദുഷ്ടയായിരുന്നു. അവർക്ക് രണ്ട് ദുഷ്ടയായ കുട്ടികളുണ്ടായിരുന്നു. അവർ ആ പെൺകുട്ടിയേ വളരേ ഉപദ്രവിച്ചു. അവൾക്ക് ചെയ്യാൻ പറ്റാത്ത ജോലികൾ ചെയ്യിപ്പിച്ചു. കീറിപ്പറിഞ്ഞ വസ്ത്രമായിരുന്നു.

ഒരു നാൾ ആ രാജ്യത്തിൽ രാജാവിന് രാജ്ഞിയെ കണ്ടുപ്പിടിക്കുന്ന ചടങ്ങ് നടന്നു. ഏറ്റവും നന്നായി നൃത്തം ചെയ്യുന്ന പെണ്ണിനെ രാജാവ് തിരഞ്ഞെടുക്കും. സിൻഡല്ലായ്ക്കു അതിൽ പങ്കെടുക്കാൻ താത്പര്യം ഉണ്ടായിരുന്നു. എന്നാൽ അതിനുള്ള വസ്ത്രം അവൾക്ക് ഇല്ലായിരുന്നു.

ഒരു ദിവസം ദേവത പ്രത്യക്ഷപ്പെട്ടു അവൾക്ക് മത്സരത്തിനു പങ്കെടുക്കാനുള്ള അനുവാദം നൽകി.


<u>അലീഷ ജോബി.</u>

# ക്രിസ്തുമസ് സമ്മാനം

കില്ലനെലിയും ജില്ലനെലിയും കൂട്ടുകാരായിരുന്നു.ഒരു ദിവസം അവർ കേക്കുണ്ടാക്കി വിൽക്കുന്ന പൊന്നൻ കരടിയുടെ വീട്ടിൽ എത്തി.ക്രിസ്ത്-മസ് കാലമായതിനാൽ ധാരാളം കേക്കുകൾ ഉണ്ടാക്കുന്ന സമയമ്ണ്. അവർ രണ്ടു പേരും പമ്മി പമ്മി അടുക്കലയിലെത്തി.സൂത്രക്കാരനായ കില്ലൻ ,ജില്ലനെ കേക്ക് കൊണ്ടുപോകാനുള്ള പെട്ടി എടുക്കാൻ പറ-ഞ്ഞുവിട്ടു.എന്നിട്ട് അലമാരിയിൽ കയറി കേക്ക് തീറ്റ തുടങ്ങി.കുറച്ച് കഴിഞ്ഞ് തിരിച്ചുവന്ന ജില്ലൻ പൊന്നൻ കരടിയെ കണ്ട് പേടിച്ചു വിറച്ചു. പക്ഷെ പൊന്നൻ കരടി അവനെ അടുത്ത് വിളിച്ചിട്ടു പറഞ്ഞു, ഈ കേക്ക് നിനക്കാണ്.

ജില്ലൻ ഓടിച്ചെന്ന് ആ കേക്കിന്റെ പാതി കില്ലന് കൊടുത്തിട്ടു പറഞ്ഞു,ഇത് നിനക്കുള്ള എന്റെ ക്രിസ്ത്മസ് സമ്മാനമാണ്.നാണിച്ചു-പോയ കില്ലൻ പറഞ്ഞു ,നീ എന്നോട് ക്ഷമിക്കണം.എന്തു നല്ല ചങ്ങാ-തിയാണു നീ.അതു കേട്ട് ജില്ലന് സന്തോഷമായി.

ശ്രീജിത്ത് രാജു.


അമ്മുച്ചേച്ചീ,എനിക്ക് വയറ്റിൽനിന്ന് എന്തോ ഉരുണ്ടുവരുംപോലെ!തലക്കു കനം പോലെ!എന്തോ പേടിയും!!!
കൊച്ചേ,വെറുതെ ടെൻഷനടിച്ച് അസുഖമുണ്ടാക്കണ്ട പരീക്ഷയുടെ കാര്യമോർത്തല്ലേ ഈ വേവലാതി?
റിലാക്സ്,ശ്വാസം എടുത്തുപിടിച്ച് സാവധാനം പുറത്തേക്കു വിടുക.സമാധാനത്തോടെ ഇരിക്കുക.ആരോഗ്യം ശരീരത്തിനു മാത്രം പോരാ.മനസിനും വേണം.വെറുതെ വേവലാതിപ്പെട്ട് മാനസികാരോഗ്യം നശിപ്പിക്കണ്ട.

# വിക്കിപീഡിയ

ഓരോ വ്യക്തിക്കും ലോകത്തിലെ എല്ലാ അറിവുകളും സ്വന്തമായി ലഭ്യമാകുന്ന ഒരു സ്ഥിതിയെക്കുറിച്ച് ചിന്തിക്കൂ.എന്നാണ് വിക്കീപീഡിയ ആഹ്വാനം ചെയ്യുന്നത്.കൂട്ടായ പ്രവർത്തനത്തിലൂടെയാണ് വിക്കി-സംരംഭങ്ങളിൽ ഉള്ളടക്കം കൂട്ടിച്ചേർക്കപ്പെടുന്നത്.ചില നയങ്ങളും മാർഖരേഘകളും അടിസ്ഥാനമാക്കിയാണ്

വിക്കിപീഡിയ പ്രവർത്തിക്കുന്നത്.അഭിപ്രായ വ്യത്യാസങ്ങൾക്ക് സമവായമുണ്ടാക്കാനും തത്ത്വങ്ങൾക്ക്

വ്യക്തത വരുത്താനുനാണിവ.

വിക്കീപീഡിയക്ക് നിഷ്പക്ഷമായ കാഴ്ചപ്പാടുണ്ടാകണം

വിക്കീപീഡിയയുടെ ഉള്ളടക്കം ആർക്കുവേണമെങ്കിലും തിരുത്തിയെഴുതാം

വിക്കീപീഡിയക്ക് ഒരു പെരുമാറ്റച്ചട്ടമുണ്ടെങ്കിലും അവ നിർബന്ധിത നിയമങ്ങളല്ല.

ഐബിൻ സണ്ണി.

നന്ദി

നന്ദി

നന്ദി